"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി - ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.03.2025 ൽ ചേർന്ന പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം (അജണ്ട നം.14) അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്

G.O.(Rt)No.127/2025/I&PRD തീയതി,തിരുവനന്തപുരം, 21-08-2025

പരാമർശം:- 1) 04.02.2000 തീയതിയിലെ സ.ഉ (പി) നം.02/2000/പിആർ.

2) 03.12.2021 തീയതിയിലെ സ.ഉ (സാധാ) നം.192/2021/ഐ&പിആർ.

3) 18.03.2025 തീയതിയിലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

4) 14.05.2025 തീയതിയിലെ സ.ഉ (സാധാ) നം.63/2025/ഐ&പിആർഡി.

ഉത്തരവ്

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.03.2025 ന് ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി യോഗത്തിലെ അജണ്ട നം.14 (അദ്ധ്യക്ഷൻ അനുവദിച്ച ഇതര വിഷയങ്ങൾ) സംബന്ധിച്ചുള്ള തീരുമാനം പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല.

2) മേൽ സാഹചര്യത്തിൽ, പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.03.2025 ന് ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പിലെ അജണ്ട നം.14 മേലുള്ള തീരുമാനം അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അജണ്ട നം.14 : അദ്ധ്യക്ഷൻ അനുവദിച്ച ഇതരവിഷയങ്ങൾ

1	**കമ്മിറ്റിയംഗങ്ങൾ അവതരിപ്പിച്ച വിഷയങ്ങൾ** ആശ്രിതപെൻഷൻ വർദ്ധിപ്പിക്കുന്നത്	നിലവിൽ 1,250/- രൂപയാണ് പെൻഷൻ നൽകിവരുന്നത്. പെൻഷൻ തുകയുടെ 50% ആക്കി വർദ്ധിപ്പിക്കുന്ന വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന് ഫയൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.
2	പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ പുതുതായി അംഗത്വം അനുവദിക്കുന്നത്	വ്യവസ്ഥകൾക്ക് വിധേയമായി അംഗത്വം അനുവദിക്കുവാൻ തീരുമാനിച്ചു.

(ഗവർണറുടെ **ഉത്തരവിൻ പ്രകാരം**)

S HARIKISHORE I A S

SECRETARY

പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്ക്
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Jose L P
Date: 22-08-2025 12:47:42
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്
ഐ&പിആർഡി സെക്രട്ടറിയുടെ പി.എ
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ
നിയമവകുപ്പ് സെക്രട്ടറിയുടെ പി.എ
ഐ&പിആർഡി ഡയറക്ടറുടെ സി.എ
ഐ&പിആർഡി അഡീഷണൽ ഡയറക്ടറുടെ സി.എ
ഐ&പിആർഡി ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
ഐ&പിആർഡി അക്കൗണ്ട്സ് ഓഫീസർ